DESPATCHED
On...31/8/22....



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1952(3)/2020 *എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.301/*എസ്.ഐ.സി–ജി 1/2020*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 29.08.2022

ശ്രീ.ശിവരാജൻ,
സാധുമന്ദിരം,
പുതുപ്പള്ളി വടക്ക്,
കായംകുളം, ആലപ്പുഴ – 690 527.
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വിജിലൻസ് ഓഫീസർ,
   ഡയറക്ടറേറ്റ് ഓഫ് കിർത്താട്സ്,
   കോഴിക്കോട് – 673 017.
2. അപ്പീൽ അധികാരി &
   ഡയറക്ടർ,
   ഡയറക്ടറേറ്റ് ഓഫ് കിർത്താട്സ്,
   കോഴിക്കോട് – 673 017.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 07/11/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/11/2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19/10/2019 & 21/11/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/01/2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01/01/2020 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/01/2020 |

## ഉത്തരവ്

ആലപ്പുഴ ജില്ലയിൽ കായംകുളം, പുതുപ്പള്ളി വടക്ക്, സാധുമന്ദിരത്തിൽ, ശ്രീ. ശിവരാജൻ എന്നയാൾ കോഴിക്കോട് ഡയറക്ടറേറ്റ് ഓഫ് കിർത്താട്സിലെ

എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയ്ക്ക് എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചത്. കമ്മീഷൻ 20.08.2022 തീയതിയിൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിച്ചു.

2) ഹർജിക്കാരൻ ഹിയറിംഗിൽ ഹാജരായില്ല. ആയതിന്റെ കാരണം ടിയാൻ കമ്മീഷനിൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്. അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങളെല്ലാം കിർത്താട്സിൽ നിന്നും നൽകിയിട്ടുള്ളതായി കിർത്താട്സ് പ്രതിനിധികൾ 20.08.2022 ലെ ഹിയറിംഗിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. രണ്ടാം അപ്പീലിൽ അപേക്ഷകൻ ഉന്നയിച്ച കാര്യങ്ങൾ 6(1) അപേക്ഷയിൽ ആവശ്യപ്പെടാത്തവയായിരുന്നു. ആയതിനാൽ പുതിയ വിവരങ്ങൾക്ക് മറ്റൊരു വിവരാവകാശ അപേക്ഷ എസ്.പി.ഐ.ഒ യ്ക്ക് സമർപ്പിക്കാവുന്നതാണ് എന്ന നിർദ്ദേശത്തോടെ ഈ അപ്പീൽ ഹർജിയിലെ നടപടികൾ കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 29-ാം തീയതി) ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

vkm

RIGHT TO INFORMATION